00189

COURT FEE
भारत INDIA
पाँच रुपये FIVE RUPEES
Rs.5

COURT FEE
भारत INDIA
पाँच रुपये FIVE RUPEES
Rs.5

പ്രേക്ഷിതൻ

അഡ്വ. അജിത്ത്.എം
ദ്വാരക ഹൗസ് 311/9,
പള്ളിച്ചൽ.പി.ഒ.,
തിരുവനന്തപുരം.

സ്വീകർത്താവ്

പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം.

OFFICE OF THE DIRECTOR OF SOCIAL JUSTICE
04 JAN 2017
★ TRIVANDRUM ★

സർ,

വിഷയം : വിവരാവകാശ നിയമം 2005 - മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്:-

1. തൃശ്ശൂർ ചിൽഡ്രൻസ് ഹോമിൽ ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ തസ്തികയിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അയാളുടെ പേരുവിവരം ലഭ്യമാക്കുക.

2. **അഹമ്മദ് കബീർ എന്ന കെയർടേക്കർ ഇപ്പോൾ തൃശ്ശൂരിൽ ചൈൽഡ്** വെൽഫയർ ഇൻസ്പെക്ടർ ആയി ജോലി നോക്കി വരുന്നു. ഇയാൾക്ക് ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ ആയി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ ഉത്തരവ് ലഭ്യമാക്കുക? കബീറിന്റെ ഡ്യൂട്ടി സമയം എപ്പോഴാണ്? കബീറിനെ ഏത് ഉത്തരവിൻ പ്രകാരമാണ് നൈറ്റ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്? അതിന് ഡിപ്പാർട്ട്മെന്റിൽ നിന്നും ഉത്തരവുകളോ നിർദ്ദേശങ്ങളോ ഉണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുക?

3. രണ്ടുപേർ ഒരേ സമയം ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ ആയി മേൽപ്പറഞ്ഞ സ്ഥാപനത്തിൽ ജോലി ചെയ്യാൻ പാടുള്ളതാണോ? അങ്ങനെയാണെങ്കിൽ അതിനുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുക?

4. സ്ഥാപനത്തിലെ മറ്റൊരു കെയർടേക്കറായ പ്രജിത്തിനെ നൈറ്റ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് എന്തുകൊണ്ടാണ്? ഇങ്ങനെ ഒഴിവാക്കിയതിന് ഡിപ്പാർട്ട്മെന്റ് തല ഉത്തരവുകളോ നിർദ്ദേശങ്ങളോ ഉണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുക?

5. സ്ഥാപന സൂപ്രണ്ടിന് സ്ഥാപനത്തിലെ കീഴ്ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകാനുള്ള അധികാരമുണ്ടോ? ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുക?

6. കബീർ കെയർടേക്കർ ആണെങ്കിൽ 2016 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ എടുത്തിട്ടുള്ള നൈറ്റ് ഡ്യൂട്ടിയുടെ ഒപ്പിട്ട രജിസ്ററിന്റെ പകർപ്പ് രണ്ടുമാസത്തേത് ലഭ്യമാക്കുക? നൈറ്റ് ഡ്യൂട്ടി എടുത്തിട്ടില്ലെങ്കിൽ എന്തുകാരണം കൊണ്ടാണ് നൈറ്റ് ഡ്യൂട്ടി എടുക്കാത്തത് എന്ന് കാണിക്കുന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുക.

7. പ്രജിത്ത് എന്ന കെയർ ടേക്കർ രാത്രി കാലത്ത് ജോലി ചെയ്യുന്നത് ഒപ്പിടുന്ന രജിസ്റ്ററിന്റെ പകർപ്പ് 3 മാസത്തിൽ താഴെയുള്ളത് (2016 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ളത്) ലഭ്യമാക്കുക? പഞ്ചിങ്ങ് ആണെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുക?

8. പ്രജിത്ത് എന്ന കെയർടേക്കറെ രാത്രികാല ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കിയത് ഏത് ഉത്തരവിൻ പ്രകാരമാണ്? വകുപ്പ് തല ഉത്തരവുകളോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുക?

9. സ്ഥാപനത്തിലെ മെയിൽ കെയർടേക്കർമാർക്ക് നൈറ്റ് ഡ്യൂട്ടി ഒഴിവാക്കികൊടുക്കുകയും സ്ത്രീ ജീവനക്കാരെകൊണ്ട് നൈറ്റ് ഡ്യൂട്ടി എടുപ്പിക്കുകയും ചെയ്യുന്നതിന് ഡിപ്പാർട്ട്മെന്റിൽ നിന്നു ഉത്തരവുകളോ നിർദ്ദേശങ്ങളോ ഉണ്ടോ? ആയതിന്റെ പകർപ്പ് ലഭ്യമാക്കുക?

എന്ന്

**അഡ്വ. അജിത്ത്.എം**
ദ്വാരക 311/9, പള്ളിച്ചൽ
പള്ളിച്ചൽ. പി.ഒ., തിരുവനന്തപുരം.

തിരുവനന്തപുരം
30.12.2016